പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3745 23.08.2017 ൽ മറുപടിയ്ക്ക്

## ദേശീയ സ്കൂൾ കായികമേളയിലെ ജേതാക്കൾക്കുള്ള പാരിതോഷികം

ചോദ്യം

ശ്രീ.ഹൈബി ഈഡൻ

മറുപടി

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | ദേശീയ സ്കൂൾ കായികമേളയിൽ സ്വർണ്ണം, വെള്ളി, വെങ്കല മെഡലുകൾ നേടുന്ന സംസ്ഥാന ജേതാക്കൾക്ക് കായികവകുപ്പ് പാരിതോഷികം പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് തുകയാണ് പ്രഖ്യാപിച്ചിരുന്നത്; | എ) | കായികവകുപ്പ് പാരിതോഷികം പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ ദേശീയ സ്കൂൾ കായിക മേളയിൽ സ്വർണ്ണം, വെള്ളി, വെങ്കല മെഡലുകൾ നേടുന്ന സംസ്ഥാന ജേതാക്കൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് ക്യാഷ് അവാർഡ് നൽകി വരുന്നു. സ്വർണ്ണ മെഡൽ ലഭിക്കുന്നവർക്ക് 25,000/- രൂപയും വെള്ളി മെഡൽ ലഭിക്കുന്നവർക്ക് 20,000/- രൂപയും വെങ്കല മെഡൽ ലഭിക്കുന്നവർക്ക് 15,000/- രൂപയുമാണ് നൽകുന്നത്. |
| ബി) | മുൻ വർഷങ്ങളിൽ നടന്ന ദേശീയ സ്കൂൾ കായിക മത്സരങ്ങളിലെ വിജയികൾക്ക് പ്രഖ്യാപിച്ച തുക പൂർണ്ണമായും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കുടിശ്ശിക അടിയന്തിരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) | 2012-2013 മുതൽ 2016-2017 വർഷം വരെയുള്ള ദേശീയ സ്കൂൾ കായിക മത്സരങ്ങളിലെ വിജയികൾക്ക് കുടിശ്ശിക നൽകാനുണ്ട്. ഇത് നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ